Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre


No.336/PR/SPMC/PHQ/2025 Date: 21.10.2025

## ‘***സംരക്ഷ***’ രക്തദാന ക്യാമ്പിൽ 1472 പേർ പങ്കാളികളായി

കേരള പോലീസിന്റെ സന്നദ്ധ രക്തദാന പദ്ധതിയായ പോൽ ബ്ലഡ്, പോലീസ് സ്മൃതി ദിനത്തോടനുബന്ധിച്ചു സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച മെഗാ രക്തദാന ക്യാമ്പ് ‘***സംരക്ഷ***’യിൽ 1472 പേർ രക്തദാതാക്കളായി. ഇവരിൽ 884 പോലീസ് സേനാംഗങ്ങളും ഉൾപ്പെടുന്നു. സംസ്ഥാന വ്യാപകമായി 65 ഓളം രക്തദാന ക്യാമ്പുകളാണ് ***സംരക്ഷ***യുടെ ഭാഗമായി സംഘടിപ്പിച്ചത് .

‘***സംരക്ഷ***’ മെഗാ ബ്ലഡ് ഡൊണേഷൻ ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പോലീസ് ആസ്ഥാനത്തു നിർവഹിച്ചു.

കേരളത്തെ സമ്പൂർണ സന്നദ്ധ രക്തദാന സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള കേരള പോലീസിന്റെ സുപ്രധാന ചുവടുവയ്പ്പാണ് പോൽ ബ്ലഡ് പ്രൊജക്റ്റ് എന്നദ്ദേഹം പറഞ്ഞു. മറ്റേതൊരു സേവനത്തെക്കാളും മഹത്തരമാണ് ജീവൻ സംരക്ഷിക്കുക എന്നത്. അടിയന്തര ഘട്ടങ്ങളിൽ രക്തം ലഭിക്കാതെ ഒരാൾപോലും സംസ്ഥാനത്തു മരണപ്പെടരുത്. പരമ്പരാഗത പോലീസിംങ് രീതികളിൽ മാത്രമായി ഒതുങ്ങി നിൽക്കാതെ ജീവരക്ഷയിലും കേരള പോലീസ് മുൻപന്തിയിലാണെന്ന് തെളിയിക്കുന്നതാണ് പോൽ ബ്ലഡിന്റെ നേട്ടം.

1,828 ബ്ലഡ് ഡൊണേഷൻ ക്യാമ്പുകളിലൂടെ ഇതുവരെ 73,395 യൂണിറ്റ് രക്തം ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ 51,346 യൂണിറ്റ് രക്തം പോൽ ബ്ലഡ് മൊഡ്യൂൾ വഴിയും ലഭ്യമായിട്ടുണ്ട്. പോൽ ആപ്പ് മുഖേന 1,14,732 പേർ സന്നദ്ധ രക്തദാതാക്കളായും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പോലീസ് ആസ്ഥാനത്തു നടന്ന രക്തദാന ക്യാമ്പിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ദക്ഷിണ മേഖലാ ഐ.ജി എസ്. ശ്യാം സുന്ദർ, പോലീസ് ആസ്ഥാനത്തെ എ.ഐ.ജി മാരായ മെറിൻ ജോസഫ്, സുജിത് ദാസ് എസ്, മറ്റ് പോലീസുദ്യോഗസ്ഥർ എന്നിവർ രക്തദാനം നിർവ്വഹിച്ചു.

ചടങ്ങിൽ ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗം ഐ.ജി കാളിരാജ് മഹേഷ് കുമാർ, എസ്.പി റെയിൽവേസും പോൽ ബ്ലഡ് നോഡൽ ഓഫീസറുമായ ഷഹൻഷാ കെ. എസ്, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ സിനു കടകംപള്ളി, പോൽ ബ്ലഡ് പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്ന നാഷണൽ സർവീസ് സ്കീം, മറ്റു സന്നദ്ധസംഘടനകളിൽ നിന്നുള്ളവർ, എന്നിവർ സംബന്ധിച്ചു.

****************************


POL-BLOOD
KERALA
POLICE
KSBTC
SAMRAKSHA


POL-BLOOD
KERALA POLICE
KSBTC
SAMRAKSHA


SCTIMST


PHILIPS


POL-BLOO
KERALA
POLICE
KSBTC
MRAKS
ood Dona